# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3515 08.11.2019 -ലെ മറുപടിയ്ക്ക്

**ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളുടെ നിലവാരമുയർത്തൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി | ഡോ.കെ.ടി.ജലീൽ<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | ബിരുദ പഠനം പൂർത്തിയാക്കുന്നവർക്ക് കാലാനുസൃതമായ അറിവും കർമശേഷിയും ഉണ്ടാകുന്നു എന്നുറപ്പ് വരുത്തക്കതരത്തിലുള്ള 'Graduate attributes' സംസ്ഥാനത്തെ സർവകലാശാലകൾ തയ്യാറാക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഔട്ട്കം ബെയ്സ്ഡ് എഡ്യുക്കേഷനും ഗ്രാജ്യുവേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നല്കിക്കൊണ്ടുള്ള കരിക്കുലം പരിഷ്ക്കരണത്തിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി. ഔട്ട്കം ബെയ്സ്ഡ് എഡ്യുക്കേഷനുമായി ബന്ധപ്പെട്ട് സിലബസ്സിലും കരിക്കുലത്തിലും, പരീക്ഷയിലും മൂല്യനിർണ്ണയത്തിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇതിനായുള്ള പരിശീലനം സംസ്ഥാനത്തെ സർവ്വ കലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് നൽകിക്കഴിഞ്ഞു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. എൻ.ജെ റാവുവിന്റെ നേതൃത്വത്തിലാണ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലനം നൽകിയത്. സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു.<br>ബിരുദാനന്തര പഠനത്തിന്റെ സമഗ്ര പരിഷ്ക്കരണത്തിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് |
| (ബി) | അന്തർ വൈജ്ഞാനിക പാഠ്യവിഷയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളുടെ സിലബസ് പരിഷ്കരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | സയൻസ്, ബാംഗ്ലൂർ പ്രൊഫസറായ ഇ. ഡി. ജെമ്മീസിന്റെ അദ്ധ്യക്ഷതയിൽ ഒരു പ്രത്യേക കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്. |
| (സി) | അന്തർ-വൈജ്ഞാനിക പാഠ്യവിഷയങ്ങൾ ഉൾക്കൊള്ളുന്ന ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളുടെ നടത്തിപ്പിനായി സർവകലാശാലകളിൽ ടെന്യൂർ ട്രാക്ക് അധ്യാപകരെ നിയമിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | സർവ്വകലാശാലകളിൽ പുതിയ പ്രോഗ്രാമുകൾ നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ കണ്ടെത്തുന്നതിനും ടെന്യൂർ ട്രാക്ക് രീതിയിൽ അധ്യാപകരെ നിയമിക്കുന്നതിനും സർക്കാർ ആലോചിക്കുന്നു. |
| (ഡി) | സർവകലാശാലകളിലെ കോഴ്സുകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ഫലപ്രാപ്തിയിൽ ഊന്നിയ വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | സർവ്വകലാശാല കോഴ്സുകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ഫലപ്രാപ്തിയിൽ ഊന്നിയ വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സർവ്വകലാശാലകളിലെ കോഴ്സുകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ശിൽപശാലകൾ, അദ്ധ്യാപകർക്കായി റിഫ്രഷർ കോഴ്സുകൾ എന്നിവ നടത്തുകയും കാലാനുസൃതമായി സിലബസുകൾ പരിഷ്കരിക്കുകയും ചെയ്യുന്നുണ്ട്.<br>സർവ്വകലാശാലയിൽ വിജ്ഞാനവർദ്ധനവും തൊഴിൽ സാദ്ധ്യതയും ലക്ഷ്യമാക്കി കാലിക പ്രാധാന്യമുള്ള നൂതന ബി.വോക് കോഴ്സുകളും, ബി.എസ്.സി ഫോറൻസിക് സയൻസ്, ബി.എ ക്രിമിനോളജി ആൻഡ് പോലീസ് സയൻസ് എന്നീ ബിരുദ-ബിരുദാനന്തര കോഴ്സുകളും സർവ്വകലാശാല നടത്തുന്നുണ്ട്. കൂടാതെ, SWAYAM പദ്ധതിയുടെ ഭാഗമായി മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സുകളും (MOOC) നടപ്പാക്കിയിട്ടുണ്ട്.<br>ഇന്ത്യൻ ഭരണഘടന, തൊഴിൽ നൈതികത, വ്യാവസായിക സുരക്ഷ സുസ്ഥിര വികസനം, ദുരന്തനിവാരണം എന്നിവയിലുൾപ്പെടെ വൈവിധ്യമാർന്ന അഞ്ചു വിഷയങ്ങൾ എല്ലാ എഞ്ചിനീയറിംഗ് ശാഖകളിലും നിർബന്ധമായും വിദ്യാർത്ഥികൾ വിജയിക്കേണ്ട നോൺ ക്രെഡിറ്റ് കോഴ്സുകൾ ആക്കി.<br>സാങ്കേതിക ശാസ്ത്ര രംഗത്തെ വിജ്ഞാന |

| | | | |
|---|---|---|---|
| | | | വൈവിധ്യങ്ങൾ ഉൾക്കൊള്ളുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ബിടെക് മൈനർ ബിരുദവും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് വഴി എതു സാങ്കേതിക ശാഖയിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റു ശാഖകളിലെ നവീനമായ വിഷയങ്ങൾ പഠിക്കുവാൻ അവസരം ലഭിക്കും. സാങ്കേതിക വ്യവസായ മേഖലിലെയും, ഐ.ടി അനുബന്ധ വിവര സാങ്കേതിക, നൈപുണ്യ വികസന, സ്റ്റാർട്ട് അപ്പ് രംഗങ്ങളിലെയും സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും കമ്പനികൾക്കും മൈനർ കോഴ്സുകൾ നടത്തുവാനുള്ള അനുവാദമുണ്ടാകും. വ്യാവസായിക രംഗത്തെ വൈവിധ്യവത്കരണത്തിനു അനുബന്ധമായി ഉയർന്നു വരുന്ന കാലിക പ്രാധാന്യമുള്ള വിഷയങ്ങൾ തത്സമയം തന്നെ പഠിക്കുവാനുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന രീതിയിലാണ് ഈ കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.